"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- വടകര നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. പ്രമോദ് പറമ്പന്റെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1091/2024/LSGD തീയതി,തിരുവനന്തപുരം, 20-06-2024

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.05.2024 തിയതിയിലെ LSGD/PD/39784/2023-DEC4 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 20.11.2017ൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. പ്രമോദ് പറമ്പൻ ടി തസ്തികയിലെ പ്രൊബേഷൻ വിജയകരമായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് എൽഡിക്ലർക്ക് തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയാകുന്നതിനു തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് (20.11.2019 മുതൽ 19.11.2020 വരെ) ദീർഘിപ്പിച്ചുനൽകിയിട്ടുള്ളതായും ടിയാന് 31.05.2021 ൽ 50 വയസ്സ് പൂർത്തിയായിട്ടുള്ളതാണ് എന്നതിനാൽ ശ്രീ. പ്രമോദ് പറമ്പന്റെ പ്രൊബേഷൻ, ടിയാന് 50 വയസ്സ് പൂർത്തിയായ 31.05.2021 തീയതിയുടെ തൊട്ടടുത്ത ദിവസമായ 01.06.2021 ന് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക തരത്തിൽ പ്രൊബേഷൻ കാലയളവ് 20.11.2020 മുതൽ 02.06.2021 വരെ ദീർഘിപ്പിക്കുന്നതിന് പ്രിൻസിപ്പൽഡയറക്ടർ പരാമർശം കത്ത് പ്രകാരം ശുപാർശ ചെയ്ത് നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 20.11.2017ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. പ്രമോദ് പറമ്പന് 31.05.2021 തീയതിയിൽ 50 വയസ്സ് പൂർത്തിയായിട്ടുള്ളതിനാൽ, കെ.എസ്&എസ്.എസ്.ആർ 1958 ഭാഗം 2ചട്ടം 13 ബി 4-ാമത്തെ പ്രൊവിസോ പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ (obligatory test) നിന്നും സ്ഥിരമായി ഒഴിവാക്കി, ടിയാന് 50 വയസ്സ് പൂർത്തിയായിട്ടുള്ള 31.05.2021 പൂർവ്വാഹ്നത്തിൽ ടിയാന്റെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കുമാറ് നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 20.11.2020 മുതൽ പ്രൊബേഷൻ പ്രഖ്യാപിക്കേണ്ടതിന് തൊട്ടടുത്ത ദിവസമായ 01.06.2021 വരെ KS&SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANJALY DEVI A G
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. പ്രമോദ് പറമ്പൻ, എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ , വടകര നഗരസഭ
( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, വടകര നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 20-06-2024 14:10:17
സെക്ഷൻ ഓഫീസർ